## <u>പത്രകുറിപ്പ് 25/10/2016</u>

# <u>കൊട്ടിയോട് –ചെറുവാഞ്ചേരി റോഡിന് 15 കോടി അനുവദിച്ചു.</u>

**കെ കെ ശൈലജ ടീച്ചർ**

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകളിലൊന്നായ കൊട്ടിയോട്– ചെറുവാഞ്ചേരി റോഡിന്റെ വികസനത്തിനും മെക്കാഡം ടാറിങ്ങിനുമായി CRF ഫണ്ടിൽ നിന്നും 15 കോടി രൂപ അനുവദിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി കെ കെ ശൈലജ ടീച്ചർ അറിയിച്ചു. 15 കിലോമീറ്റർ പ്രവൃത്തി നടത്തുന്നതിനാണ് ഈ തുക അനുവദിച്ചത്. സ്ഥലം എംഎൽഎ എന്ന നിലയിൽ CRF ഫണ്ട് ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പു വഴി നല്കിയ നിവേദനം പരിഗണിച്ചാണ് ഈ തുക അനുവദിച്ചതെന്നും മന്ത്രി അറിയിച്ചു. എത്രയും പെട്ടെന്ന് റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.